പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2058 22-03-2012 -ൽ മറുപടിക്ക്.

ദുർബല വിഭാഗത്തിലുള്ളവർക്ക് ഭവനം

ചോദ്യം | ഉത്തരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. എ.റ്റി. ജോർജ് :<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ : | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സാമ്പത്തികമായി ദുർബല വിഭാഗത്തിലുള്ളവർക്ക് ഭവന നിർമ്മാണത്തിന് പാർപ്പിട നയത്തിൽ ഊന്നൽ നൽകിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പട്ടികജാതി പട്ടികവർഗ്ഗക്കാർ, മത്സ്യത്തൊഴിലാളികൾ, പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, ദരിദ്രർ എന്നിവർക്ക് ഭവന നിർമ്മാണത്തിന് മുൻഗണന നൽകുമോ ; | (ബി) | മുൻഗണന നൽകുന്നുണ്ട്. |
| (സി) | എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു ? | (സി) | ഭവന നിർമ്മാണ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയിട്ടുള്ള സുരക്ഷ ഭവന പദ്ധതിയും എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതിയും ഈ വർഷം നടപ്പിലാക്കുന്ന സാഫല്യം ഭവന പദ്ധതിയും കോഴിക്കോട് ശാന്തിനഗർ ഭവന പദ്ധതിയും സമൂഹത്തിലെ എല്ലാ മേഖലയിലുമുള്ള ദുർബല വിഭാഗക്കാരെ ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതികളാണ്.<br>ഇതിനു പുറമെ തദ്ദേശ സ്വയംഭരണ വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, ഫിഷറീസ് വകുപ്പ് മുതലായ വകുപ്പുകളും ദുർബല ജനവിഭാഗങ്ങൾക്കായി ഭവന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.